**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉണ്ണി | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി അനുവദിച്ച തുക എത്രയെന്ന് വിശദീകരിക്കാമോ; | (എ) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ Modified Industrial Infrastructure Upgradation (MIIUS) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ 50 കോടി രൂപ ധനസഹായത്തോട്ടു കൂടി ഒരു ഡിഫെൻസ് പാർക്കും, 22 ഏക്കർ സ്ഥലത്ത് ഒരു പൊതു വ്യവസായ പാർക്കും കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഡിഫെൻസ് പാർക്ക് പദ്ധതിയുടെ ആകെ ചിലവ് 130.94 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായവും 80.94 കോടി രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതവുമാണ്. |
| (ബി) | ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ? | (ബി) | ഒറ്റപ്പാലം വ്യവസായ പാർക്കിന്റെയും ഡിഫെൻസ് പാർക്കിന്റെയും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 73270 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, 328630 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 19000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വെയർ ഹൗസുകൾ, വൈദ്യുതി, ജലം, ചുറ്റമതിൽ, സെക്യൂരിറ്റി കാബിൻ, ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, ഗേറ്റ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ